പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3695 17-10-2011 - ൽ മറുപടിയ്ക്ക്

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.പി.റ്റി.എ.റഹീം | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, ഇറിഗേഷൻ, റിവർ മാനേജ്മെന്റ് ഫണ്ട് എന്നീ വിഭാഗങ്ങളിൽ ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | 1. **മൈനർ ഇറിഗേഷൻ പദ്ധതി.**<br>നബാർഡ്-ആർ.ഐ.ഡി.എഫ്.XVI - എം.ഐ.ക്ലാസ് I - കുന്ദമംഗലം പഞ്ചായത്തിലെ ഉണ്ടോടിക്കടവിൽ പുന്നൂർ പുഴയ്ക്ക് കുറുകെ വെന്റഡ് വിയർ നിർമ്മാണം.<br><br>2. **ഇറിഗേഷൻ പദ്ധതി (വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തി).**<br>ചാത്തമംഗലം പഞ്ചായത്തിലെ കുഴിമണ്ണ പറമ്പിൽ ചെറുപുഴയുടെ ഇടതുകര സംരക്ഷണം.<br><br>3. **റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതി.**<br><br>a) മാവൂർ പഞ്ചായത്ത് കാരൂർ പൊയിൽ പി.ഡബ്ല്യൂ.എസ്.എസ്.പമ്പ് ഹൗസിന് സമീപം ചാലിയാർ പുഴയുടെ സംരക്ഷണം.<br><br>b) കുന്ദമംഗലം പഞ്ചായത്തിൽ പടനിലം പാലത്തിനു താഴെ ഭാഗം പുന്നൂർ പുഴയുടെ ഇടതുകര സംരക്ഷണം.<br><br>c) ചാത്തമംഗലം പഞ്ചായത്തിലെ ചെറുപുഴ കമ്മാണ്ടികടവ് വെന്റ് പൈപ്പ് പാലത്തിന് സമീപം പാർശ്വഭിത്തി സംരക്ഷണം. |

(തുടർച്ച ....... 2)

| | |
|---|---|
| (ബി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ? | (ബി) 1. മൈനർ ഇറിഗേഷൻ പദ്ധതിയുടെ സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>2. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി ടെണ്ടർ ചെയ്തതിൽ സ്വീകാര്യമായ ഓഫർ ലഭിക്കാത്തതിനാൽ പുതുക്കിയ ഭരണാനുമതി ലഭിച്ചു റീ-ടെണ്ടർ ചെയ്യേണ്ടതുണ്ട്.<br><br>3. ആർ.എം.എഫ്. പ്രവൃത്തികൾ.<br><br>a) മാവൂർ പഞ്ചായത്തിലെ പ്രവൃത്തി പലതവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ഏറ്റെടുത്തില്ല.<br><br>b) കുന്ദമംഗലം പഞ്ചായത്തിലെ പ്രവൃത്തി പലതവണ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ഏറ്റെടുത്തില്ല.<br><br>c) ചാത്തമംഗലം പഞ്ചായത്തിലെ പ്രവൃത്തി നടത്തിപ്പിന് വേണ്ടി ചാത്തമംഗലം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.